"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് – ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ആയ ശ്രീ. അനിൽകുമാർ. എൻ.കെ-യുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം ത്യജിക്കൽ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് – ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2833/2026/ധന** **തീയതി, തിരുവനന്തപുരം, 15/03/2026**

---

പരാമർശം :-
1. സ.ഉ (അച്ചടി) നം. 39/1991/ഉ.ഭ.പ.വ തീയതി 07/12/1991
2. 21/04/2025 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3705/2025/ധന
3. ശ്രീ. അനിൽ കുമാർ. എൻ. കെ സമർപ്പിച്ചിട്ടുള്ള 01/12/2025 തീയതിയിലെ നിശ്ചിത മാതൃകയിലുള്ള സ്റ്റേറ്റ്മെന്റ് ഓഫ് റിലിങ്ക്വിഷ്മെന്റ്.
4. ഇൻഷ്വറൻസ് ഡയറക്ടറുടെ 30/01/2026 തീയതിയിലെ കെ.എസ്.ഐ.ഡി/455/2025-എച്ച്.ക്യു ഇ 3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ എറണാകുളം ജില്ലാ ഓഫീസിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ആയ ശ്രീ. അനിൽ കുമാർ. എൻ. കെ-യുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, ടിയാളുടെ ജൂനിയർ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം ലഭിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് ത്യജിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സ്ഥിരമായി ത്യജിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (3) പ്രകാരം ടിയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരാമർശം (4) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ആയ ശ്രീ. അനിൽ കുമാർ.എൻ.കെ-യുടെ അപേക്ഷ പരിഗണിച്ച് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്കുള്ള ടിയാളുടെ സ്ഥാനക്കയറ്റം സ്ഥിരമായി ത്യജിക്കുന്നതിന്, പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു. ശ്രീ. അനിൽ കുമാർ. എൻ.കെ യുടെ സ്ഥാനക്കയറ്റം ത്യജിക്കൽ ടിയാളുടെ ജൂനിയർ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം ലഭിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പി.ആർ.ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ 3113018/എസ്റ്റാ-ഡി2/48/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ